**മധുരമായ കുട്ടികളേ - നിങ്ങൾക്ക് ദേവതയാകണം അതുകൊണ്ട് മായയുടെ അവഗുണങ്ങളെ ത്യാഗം ചെയ്യൂ, ക്രോധിക്കുക, അടിക്കുക, ബഹളമുണ്ടാക്കുക, മോശമായ കർമ്മം ചെയ്യുക, മോഷ്ടിക്കുക ഇതെല്ലാം മഹാപാപമാണ്.**

**ചോദ്യം:-** ഈ ജ്ഞാനത്തിൽ ഏത് കുട്ടികൾക്കാണ് തീക്ഷ്ണമായി പോകാൻ സാധിക്കുന്നത്? നഷ്ടമുണ്ടാകുന്നതാർക്കാണ്?

**ഉത്തരം:-** ആർക്കാണോ തന്റെ കണക്ക് വെയ്ക്കാൻ അറിയുന്നത് അവർക്ക് ഈ ജ്ഞാനത്തിൽ വളരെ തീക്ഷ്ണമായി പോകാൻ സാധിക്കുന്നു. നഷ്ടം സംഭവിക്കുന്നത് അവർക്കാണ് ആരാണോ ദേഹീഅഭിമാനിയായിരിക്കാത്തത്. ബാബ പറയുകയാണ് വ്യാപാരികൾക്ക് കണക്ക് നോക്കാനുള്ള ശീലമുണ്ടാകും, അവർക്ക് ഇവിടെയും തീക്ഷ്ണമായി പോകാൻ സാധിക്കുന്നു.

**ഗീതം:-** മുഖം നോക്കൂ മനുഷ്യാ.....

**ഓം ശാന്തി**. ആത്മീയ പാർട്ട്ധാരീ കുട്ടികൾക്ക് ബാബ മനസ്സിലാക്കി തരികയാണ് എന്തുകൊണ്ടെന്നാൽ ആത്മാവ് തന്നെയാണ് പരിധിയില്ലാത്ത നാടകത്തിൽ പാർട്ടഭിനയിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യരുടെ പാർട്ടാണല്ലോ. കുട്ടികൾ ഈ സമയം പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. കേവലം വേദ-ശാസ്ത്രങ്ങൾ പഠിക്കുന്നു, ശിവന്റെ പൂജ ചെയ്യുന്നു പക്ഷെ ബാബ പറയുകയാണ് ഇതിലൂടെ എന്നെ പ്രാപ്തമാക്കാൻ സാധിക്കില്ല കാരണം ഭക്തി ഇറങ്ങുന്ന കലയുടെയാണ്. ജ്ഞാനത്തിലൂടെ സദ്ഗതിയുണ്ടാകുന്നു അതിനാൽ തീർച്ചയായും ചില കാരണത്താൽ ഇറങ്ങുകയും ചെയ്യും. ഇതൊരു കളിയാണ്, ഇതിനെ ആരും അറിയുന്നില്ല. ശിവലിംഗത്തെ പൂജിക്കുന്നു അപ്പോൾ അതിനെ ബ്രഹ്മമെന്ന് പറയുകയില്ല. അപ്പോൾ പിന്നെ പൂജിക്കുന്നതാരെയാണ്. അതിനെയും ഈശ്വരനാണെന്ന് മനസ്സിലാക്കി പൂജിക്കുന്നു. നിങ്ങൾ ആദ്യമാദ്യം ഭക്തി ആരംഭിച്ചപ്പോൾ വജ്രം കൊണ്ടുള്ള ശിവലിംഗമുണ്ടാക്കി. ഇപ്പോഴാണെങ്കിൽ നിർദ്ധനരായതുകാരണം കല്ലുകൊണ്ട് ഉണ്ടാക്കുന്നു. വജ്രത്തിന്റെ ലിംഗം ആ സമയം 4-5 ആയിരത്തിന്റേതാകും. ഈ സമയത്താണെങ്കിൽ അതിന്റെ വില 5-7 ലക്ഷമുണ്ടാകും. അങ്ങനെയുള്ള വജ്രം ഇപ്പോൾ കിട്ടാൻ ബുദ്ധിമുട്ടാണ്. കല്ലു ബുദ്ധിയായി മാറിയതുകൊണ്ട് പൂജയും കല്ലിന്റേത് ചെയ്യുന്നു, ജ്ഞാനമില്ലാതെ. എപ്പോൾ ജ്ഞാനമുണ്ടാകുന്നുവോ അപ്പോൾ നിങ്ങൾ പൂജ ചെയ്യുകയില്ല. ചൈതന്യമായി സന്മുഖത്തുണ്ട്, ആ ബാബയെ തന്നെയാണ് നിങ്ങൾ ഓർമ്മിക്കുന്നത്. ഓർമ്മയിലൂടെ വികർമ്മം വിനാശമാകുമെന്ന് മനസ്സിലാക്കുന്നു. ഗീതത്തിലും പറയുകയാണ് - അല്ലയോ കുട്ടികളെ, പ്രാണിയെന്ന് പറയുന്നത് ആത്മാവിനെയാണ്. പ്രാണൻ പോയാൽ പിന്നെ ശവമാണ്. ആത്മാവ് പോവുന്നു. ആത്മാവ് അവിനാശിയാണ്. ആത്മാവ് എപ്പോൾ ശരീരത്തിൽ പ്രവേശിക്കുന്നുവോ അപ്പോൾ ചൈതന്യമാകുന്നു. ബാബ പറയുകയാണ് - അല്ലയോ ആത്മാക്കളെ, തന്റെ ഉള്ള് പരിശോധിക്കൂ, എത്രത്തോളം ദൈവീക ഗുണങ്ങളുടെ ധാരണ ഉണ്ടായിട്ടുണ്ട്? ഒരു വികാരവുമില്ലല്ലോ? മോഷണം മുതലായ ഒരു ആസുരിയ ഗുണവും ഇല്ലല്ലോ? ആസുരീയ കർത്തവ്യം ചെയ്യുന്നതിലൂടെ പിന്നീട് വീണു പോകും. ഇത്രയും പദവി നേടാൻ സാധിക്കില്ല. തീർച്ചയായും മോശമായ ശീലങ്ങൾ ഉപേക്ഷിക്കണം. ദേവത ഒരിക്കലും ആരോടും ക്രോധിക്കുകയില്ല. ഇവിടെ അസുരന്മാരിലൂടെ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നു എന്തുകൊണ്ടെന്നാൽ നിങ്ങൾ ദൈവീക സമ്പ്രദായത്തിലെതാവുകയാണ് അതിനാൽ എത്ര ശത്രുവായി മാറുന്നു. മായയുടെ അവഗുണങ്ങളാണ് പ്രവർത്തിക്കുന്നത്. അടിക്കുക, ബഹളമുണ്ടാക്കുക, മോശമായ കർമ്മം ചെയ്യുക ഇതെല്ലാം പാപമാണ്. നിങ്ങൾ കുട്ടികൾക്കാണെങ്കിൽ വളരെ ശുദ്ധമായിരിക്കണം. മോഷണം മുതലായവ ചെയ്യൽ മഹാപാപമാണ്. ബാബയോട് നിങ്ങൾ പ്രതിജ്ഞ ചെയ്തു വന്നിരിക്കുകയാണ് - എന്റേത് ഒരു ബാബ മാത്രമാണ് രണ്ടാമതൊരാളില്ല. ഞങ്ങൾ അങ്ങയെ തന്നെ ഓർമ്മിക്കും. ഭക്തിമാർഗ്ഗത്തിൽ കേവലം പാടുന്നുണ്ട് പക്ഷെ അവർക്ക് അറിയുകയില്ല. ഓർമ്മയിലൂടെ എന്താവുന്നുവെന്ന്. അവർക്ക് ബാബയെ അറിയുകയില്ല. ഒരു ഭാഗത്ത് പറയുന്നു നാമരൂപത്തിൽ നിന്ന് വേറിട്ടതാണെന്ന്, പിന്നീട് മറു ഭാഗത്ത് ശിവലിംഗത്തിന്റെ പൂജ ചെയ്യുന്നു. നിങ്ങൾക്ക് നല്ല രീതിയിൽ മനസ്സിലാക്കി പിന്നീട് മനസ്സിലാക്കി കൊടുക്കണം. ബാബ പറയുകയാണ് ഇതും തീരുമാനിക്കൂ മഹാൻ ആത്മാവെന്ന് ആരെയാണ് പറയുക? ചെറിയ കുട്ടിയായ ശ്രീകൃഷ്ണൻ, സ്വർഗ്ഗത്തിന്റെ രാജകുമാരനാണോ മഹാത്മാവ് അതോ ഇന്നത്തെ കലിയുഗീ മനുഷ്യനാണോ? കൃഷ്ണൻ വികാരത്തിലൂടെ ജന്മമെടുക്കുന്നില്ല. അതാണ് നിർവ്വികാരീ ലോകം. ഇതാണ് വികാരീ ലോകം. നിർവികാരിക്ക് ധാരാളം ടൈറ്റിൽ കൊടുക്കാം. വികാരിക്ക് എന്ത് ടൈറ്റിലാണ്? ശ്രേഷ്ഠാചാരിയാണെങ്കിൽ ഒരു ബാബ തന്നെയാണാക്കുന്നത്. ബാബയാണെങ്കിൽ ഏറ്റവും ഉയർന്നതിലും ഉയർന്നതാണ് ബാക്കി എല്ലാ

മനുഷ്യരും പാർട്ട്ധാരിയാണ്. അതിനാൽ തീർച്ചയായും പാർട്ടിൽ വരേണ്ടതുണ്ട്. സത്യയുഗം ശ്രേഷ്ഠരായ മനുഷ്യരുടെ ലോകമാണ് മൃഗങ്ങൾ മുതലായ എല്ലാം ശ്രേഷ്ഠമാണ്. അവിടെ മായാ രാവണനില്ല. അവിടെ ഇങ്ങനെയുള്ള ഒരു തമോഗുണീ മൃഗങ്ങളും ഉണ്ടായിരിക്കുകയില്ല. നിങ്ങൾക്കറിയാം - മയിൽ, അത് വികാരത്തിലൂടെ കുട്ടികളെ ജനിപ്പിക്കുന്നില്ല. അതിന്റെ കണ്ണുനീർ വീഴ്ത്തുമ്പോൾ ഗർഭധാരണം നടക്കുന്നു. ദേശീയ പക്ഷിയെന്ന് പറയുന്നു. സത്യയുഗത്തിലും വികാരത്തിന്റെ പേരുണ്ടായിരിക്കില്ല. ആദ്യ നമ്പർ ആരാണോ വിശ്വത്തിന്റെ രാജകുമാരനായ ശ്രീകൃഷ്ണൻ, മയിൽപീലി തലയിൽ ചൂടുന്നു. എന്തെങ്കിലും രഹസ്യമുണ്ടാവുമല്ലോ. അതിനാൽ ഈ എല്ലാ കാര്യങ്ങളും ബാബ സൂക്ഷ്മത്തിൽ മനസ്സിലാക്കി തരുന്നു. അവിടെ കുട്ടികൾ ജന്മമെടുക്കുന്നതെങ്ങനെയാണ്, അതാണെങ്കിൽ നിങ്ങൾക്കറിയാം. അവിടെ വികാരം ഉണ്ടായിരിക്കില്ല. ബാബ പറയുന്നു നിങ്ങളെ ദേവതയാക്കുന്നു അതിനാൽ തന്റെ പരിശോധന പൂർണ്ണമായും ചെയ്യൂ. പരിശ്രമിക്കാതെ വിശ്വത്തിന്റെ ചക്രവർത്തിയാവാൻ സാധിക്കില്ല.

എങ്ങനെയാണോ നിങ്ങളുടെ ആത്മാവ് ബിന്ദു, അതുപോലെ ബാബയും ബിന്ദുവാണ്. ഇതിൽ സംശയിക്കേണ്ട ഒരു കാര്യവുമില്ല. ചിലർ പറയുന്നു ഞങ്ങൾ കണ്ടിട്ടുണ്ട്. ബാബ പറയുന്നു കാണുന്നവരുടെ പൂജ നിങ്ങൾ ഒരുപാട് ചെയ്തു. ഫലം ഒന്നും തന്നെ ഉണ്ടായില്ല. ഇപ്പോൾ യഥാർത്ഥ രീതി ഞാൻ നിങ്ങൾക്ക് മനസ്സിലാക്കി തരുന്നു. എന്നിൽ എല്ലാ പാർട്ടും നിറഞ്ഞിരിക്കുന്നു. പരമ ആത്മാവാണല്ലോ, പരമപിതാവ്. ഒരു കുട്ടിയും തന്റെ ലൗകിക അച്ഛനെ അങ്ങനെ പറയുകയില്ല. സന്യാസിമാർക്കാണെങ്കിൽ അച്ഛനെന്ന് പറയാൻ കുട്ടികളുമില്ല. ഇതാണെങ്കിൽ എല്ലാ ആത്മാക്കളുടെയും അച്ഛനാണ്, ആരാണോ സമ്പത്ത് നൽകുന്നത്. അവർക്കാണെങ്കിൽ ഗൃഹസ്ഥാശ്രമവുമില്ല. ബാബയിരുന്ന് മനസ്സിലാക്കി തരുന്നു- നിങ്ങൾ തന്നെയാണ് 84 ജന്മങ്ങൾ അനുഭവിക്കുന്നത്. ആദ്യമാദ്യം നിങ്ങൾ സതോപ്രധാനമായിരുന്നു പിന്നീട് താഴെയിറങ്ങി വന്നു. ഇപ്പോൾ ആരും സ്വയം സുപ്രീം എന്ന് പറയില്ല, ഇപ്പോഴാണെങ്കിൽ നീചനെന്ന് മനസ്സിലാക്കുന്നു. ബാബ ഇടയ്ക്കിടയ്ക്ക് മനസ്സിലാക്കി തരുന്നുണ്ട് മുഖ്യമായ കാര്യം എന്തെന്നാൽ തന്റെ ഉള്ള് നോക്കൂ- എന്നിൽ യാതൊരു വികാരവും ഇല്ലല്ലോ? രാത്രിയിൽ ദിവസവും തന്റെ കണക്ക് നോക്കൂ. വ്യാപാരികൾ എപ്പോഴും കണക്ക് പരിശോധിക്കാറുണ്ട്. സർക്കാർ ഉദ്യോഗസ്ഥർക്ക് കണക്ക് നോക്കാൻ സാധിക്കില്ല. അവർക്കാണെങ്കിൽ കൃത്യമായ വേതനം ലഭിക്കുന്നു. ഈ ജ്ഞാനമാർഗ്ഗത്തിലും വ്യാപാരികൾ തീക്ഷ്ണമായി പോകുന്നു, വിദ്യാഭ്യാസമുള്ള ഓഫീസർമാർ ഇത്രയ്ക്കില്ല. വ്യാപാരത്തിലാണെങ്കിൽ ഇന്ന് 50 സമ്പാദിച്ചു, നാളെ 60 സമ്പാദിക്കും. ഇടയ്ക്ക് നഷ്ടവും ഉണ്ടാകും. സർക്കാർ ഉദ്യോഗസ്ഥർക്ക് നിശ്ചിത വേതനമാണ്. ഈ സമ്പാദ്യത്തിലും അഥവാ ദേഹീ അഭിമാനിയായില്ലെങ്കിൽ നഷ്ടം സംഭവിക്കും. മാതാക്കളാണെങ്കിൽ വ്യാപാരം ചെയ്യുന്നില്ല. അവർക്കിത് കുറച്ചുകൂടി സഹജമാണ്. കന്യകമാർക്കും സഹജമാണ് എന്തുകൊണ്ടെന്നാൽ മാതാക്കൾക്കാണെങ്കിൽ പടി ഇറങ്ങേണ്ടി വരുന്നുണ്ട്. ബലിയാകുന്നത് അവരാണ് ആരാണോ ഇത്രയും പ്രയത്നിക്കുന്നത്. കന്യകമാരാണെങ്കിൽ വികാരത്തിൽ പോകുന്നേയില്ലായെങ്കിൽ എന്തുപേക്ഷിക്കാനാണ്. പുരുഷന്മാർക്കാണെങ്കിൽ പ്രയത്നിക്കണം. വീടും കുടുംബത്തെയും സംരക്ഷിക്കണം. പടി എത്ര കയറിയിട്ടുണ്ടോ അതെല്ലാം ഇറങ്ങേണ്ടതുണ്ട്. ഇടയ്ക്കിടയ്ക്ക് മായ ചാട്ടവാർ കൊണ്ടടിച്ച് വീഴ്ത്തുന്നു. ഇപ്പോൾ നിങ്ങൾ ബി.കെ. ആയിരിക്കുകയാണ്. കുമാരിമാർ പവിത്രമായി തന്നെയിരിക്കുന്നു. ഏറ്റവും കൂടുതൽ പതിയുടെ പ്രേമമാണ്. നിങ്ങൾക്കാണെങ്കിൽ പതികളുടെയും പതിയെ (പരമാത്മാവ്) ഓർമ്മിക്കണം, ബാക്കിയെല്ലാം മറക്കണം. അമ്മയ്ക്കും അച്ഛനും കുട്ടികളോട് മോഹമുണ്ടാകുന്നു. കുട്ടികളാണെങ്കിലോ അറിവില്ലാത്തവരാണ്. വിവാഹത്തിന് ശേഷം മോഹം തുടങ്ങുന്നു. ആദ്യം സ്ത്രീ പ്രിയപ്പെട്ടവളായിരിക്കും പിന്നീട് വികാരങ്ങളിൽ തള്ളപ്പെടുന്നതിന്റെ പടി ആരംഭിക്കുന്നു. കുമാരി നിർവികാരിയായതുകൊണ്ട് പൂജിക്കപ്പെടുന്നു. നിങ്ങളുടെ പേര് ബി.കെ. എന്നാണ്. നിങ്ങൾ മഹിമയ്ക്ക് യോഗ്യരാകുന്നു പിന്നീട് പൂജയ്ക്ക് യോഗ്യരായി മാറും. ബാബ നിങ്ങളുടെ ടീച്ചറുമാണ്. അതിനാൽ നിങ്ങൾ കുട്ടികൾക്ക് ലഹരിയുണ്ടായിരിക്കണം, നമ്മൾ വിദ്യാർത്ഥികളാണ്. ഭഗവാൻ തീർച്ചയായും ഭഗവാൻ - ഭഗവതിയാക്കുക തന്നെ ചെയ്യും. കേവലം മനസ്സിലാക്കി തരുകയാണ് - ഭഗവാൻ ഒന്ന് മാത്രമാണ്. ബാക്കി എല്ലാവരും സഹോദര-സഹോദരന്മാരാണ്. മറ്റൊരു ബന്ധവുമില്ല. പ്രജാപിതാ ബ്രഹ്മാവിലൂടെ രചനയുണ്ടാകുന്നു പിന്നീട് അഭിവൃദ്ധിയുണ്ടാകുന്നു. ആത്മാക്കളുടെ വൃദ്ധിയെന്ന് പറയില്ല. വൃദ്ധിയുണ്ടാവുന്നത് മനുഷ്യരുടെയാണ്. ആത്മാക്കളുടെയാണെങ്കിൽ പരിമിതമായ നമ്പരാണ്. ഒരുപാട് വന്നുകൊണ്ടിരിക്കുന്നു. എപ്പോൾ വരെ അവിടെയുണ്ടോ, വന്നുകൊണ്ടിരിക്കും. വൃക്ഷം വളർന്നുകൊണ്ടിരിക്കും. ഉണങ്ങി പോകില്ല. ഇതിനെ ആൽവൃക്ഷവുമായാണ് താരതമ്യം ചെയ്യുന്നത്. തായ്ത്തടിയില്ല. ബാക്കി മുഴുവൻ വൃക്ഷവും നിൽക്കുകയാണ്. നിങ്ങളുടേതും ഇങ്ങനെയാണ്. തായ്ത്തടിയില്ല. അല്പമാത്രം അവശേഷിക്കുന്നു. ഇപ്പോഴും ക്ഷേത്രങ്ങൾ ഉണ്ടാക്കികൊണ്ടിരിക്കുന്നു. മനുഷ്യർക്ക് ദേവതകളുടെ രാജ്യം എപ്പോഴായിരുന്നുവെന്ന് അറിയുകയില്ല. പിന്നിട് എങ്ങോട്ട് പോയി? ഈ ജ്ഞാനം നിങ്ങൾ ബ്രാഹ്മണർക്ക് മാത്രമാണുള്ളത്. പരമാത്മാവിന്റെ സ്വരൂപം ബിന്ദുവാണെന്ന കാര്യം മനുഷ്യർക്കറിയുക്കയില്ല. പരമാത്മാവ് അഖണ്ഡ

ജ്യോതി സ്വരൂപമാണെന്ന് ഗീതയിൽ എഴുതിയിട്ടുണ്ട്. മുൻപ് ഭാവനയ്ക്കനുസരിച്ച് അനേകർക്ക് സാക്ഷാത്ക്കാരം ഉണ്ടായിട്ടുണ്ട്. വളരെ തേജോമയമായിരുന്നു. മതി, ഞങ്ങൾക്ക് സഹിക്കാൻ കഴിയുന്നില്ല. അതാണെങ്കിൽ സാക്ഷാത്ക്കാരമായിരുന്നു. ബാബ പറയുകയാണ് സാക്ഷാത്ക്കാരത്തിലൂടെ ഒരു മംഗളവുമുണ്ടാകുന്നില്ല. ഇവിടെ മുഖ്യമായത് ഓർമ്മയുടെ യാത്രയാണ്. എങ്ങനെയാണോ പാഠം തെറ്റി പോകാറില്ലേ. ഓർമ്മയും ഇടയ്ക്കിടയ്ക്ക് തെന്നി പോകാറുണ്ട്. ആഗ്രഹിക്കുന്നു എത്രയും ബാബയെ ഓർമ്മിക്കണമെന്ന്, പിന്നീട് മറ്റു പല ചിന്തകളും വരുന്നു. ഇതിൽ തന്നെയാണ് നിങ്ങളുടെ മത്സരം. പെട്ടെന്ന് പാപം ഇല്ലാതാകുകയില്ല. സമയമെടുക്കുന്നു. കർമ്മാതീത അവസ്ഥ നേടി കഴിഞ്ഞാൽ പിന്നീട് ഈ ശരീരമുണ്ടായിരിക്കില്ല. എന്നാൽ ഇപ്പോൾ ആർക്കും തന്നെ കർമ്മാതീത അവസ്ഥ നേടാൻ കഴിയില്ല. പിന്നീട് അവർക്ക് സത്യയുഗീ ശരീരം വേണം. അതിനാൽ നിങ്ങൾ കുട്ടികൾക്ക് ബാബയെ തന്നെ ഓർമ്മിക്കണം. സ്വയം നോക്കികൊണ്ടിരിക്കൂ – എന്നിൽ നിന്ന് ഒരു മോശമായ പ്രവൃത്തിയും ഉണ്ടാകുന്നില്ലല്ലോ? കണക്ക് തീർച്ചയായും വെയ്ക്കണം. അങ്ങനെയുള്ള വ്യാപാരിക്ക് പെട്ടെന്ന് സമ്പന്നനാകാൻ സാധിക്കുന്നു.

ബാബയുടെയടുത്ത് ഏത് ജ്ഞാനമാണോ ഉള്ളത് അത് നൽകികൊണ്ടിരിക്കുന്നു. ബാബ പറയുകയാണ് എന്റെ ആത്മാവിൽ ഈ ജ്ഞാനം അടങ്ങിയിട്ടുള്ളതാണ്. കല്പം മുൻപ് എന്ത് ജ്ഞാനമാണോ നൽകിയിരുന്നത് അതുപോലെ തന്നെയേ ഇപ്പോഴും പറയൂ. കുട്ടികൾക്ക് മാത്രമേ മനസ്സിലാക്കി കൊടുക്കൂ, വേറെ ആര് അറിയാനാണ്. നിങ്ങൾ ഈ സൃഷ്ടി ചക്രത്തെ അറിയുന്നു, ഇതിൽ എല്ലാ അഭിനേതാക്കളുടെയും പാർട്ട് അടങ്ങിയിരിക്കുന്നു. മാറ്റാൻ സാധിക്കില്ല. ആർക്കും മുക്തി നേടാനും സാധിക്കില്ല. അതെ, ബാക്കി സമയം മുക്തി ലഭിക്കുന്നു. നിങ്ങളാണെങ്കിൽ ആൾറൗണ്ടറാണ്. 84 ജന്മങ്ങൾ എടുക്കുന്നു. ബാക്കി എല്ലാവരും തന്റെ വീട്ടിലിരിക്കും പിന്നീട് പുറകെ വരും. മോക്ഷം ആഗ്രഹിക്കുന്നവർ ഇവിടെ വരില്ല. അവർ അവസാനം തിരിച്ച് പോകും. ഒരിക്കലും ജ്ഞാനം കേൾക്കില്ല. കൊതുകിൻ കൂട്ടങ്ങളെ പോലെ വരും പോകും. നിങ്ങൾ ഡ്രാമയനുസരിച്ച് പഠിക്കുകയാണ്. ബാബ 5000 വർഷങ്ങൾക്കു മുൻപും ഇങ്ങനെ രാജയോഗം പഠിപ്പിച്ചിട്ടുണ്ടായിരുന്നുവെന്ന് അറിയാം. ശിവബാബ ഇങ്ങനെ പറയുന്നുവെന്ന് നിങ്ങൾ പിന്നീട് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കണം . ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ എത്ര ഉയർന്നവരായിരുന്നു, ഇപ്പോൾ എത്ര താഴ്ന്നവരായി. വീണ്ടും ബാബ ഉയർന്നവരാക്കി മാറ്റുന്നുവെങ്കിൽ അങ്ങനെയുള്ള പുരുഷാർത്ഥവും ചെയ്യണമല്ലോ. ഇവിടെ നിങ്ങൾ വരുന്നത് തന്നെ റിഫ്രഷാവാനാണ്. ഇതിന്റെ പേര് തന്നെ മധുബൻ എന്നാണ്. നിങ്ങളുടെ കൽക്കത്ത അഥവാ ബോംബേയിൽ മുരളി വായിക്കുന്നില്ല. മധുബനിൽ തന്നെയാണ് മുരളി മുഴുങ്ങുക. മുരളി കേൾക്കുന്നതിന് വേണ്ടി ബാബയുടെയടുത്ത് വരേണ്ടതുണ്ട് റിഫ്രഷാവാൻ. പുതിയ പുതിയ പോയിന്റുകൾ വന്നുകൊണ്ടിരിക്കുന്നു. സന്മുഖത്ത് കേൾക്കുകയാണെങ്കിൽ അനുഭവം ഉണ്ടാകും, വളരെയേറെ വ്യത്യാസമുണ്ടാകുന്നു. മുന്നോട്ട് പോകവേ അനേകം പാർട്ട് കാണുന്നു. ബാബ ആദ്യമാദ്യം എല്ലാം കേൾപ്പിക്കുന്നുവെങ്കിൽ രസം നഷ്ടപ്പെടുമായിരുന്നു. പതുക്കെ പതുക്കെ പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഒരു സെക്കന്റ് പോലും അടുത്ത് സെക്കന്റ് പോലെയായിരിക്കില്ല. ബാബ ആത്മീയ സേവനം ചെയ്യാൻ വന്നിരിക്കുകയാണ് അതിനാൽ ആത്മീയ സേവനം ചെയ്യുന്ന ഉത്തരവാദിത്വം കുട്ടികളുടെതും കൂടിയാണ്. കുറഞ്ഞത് ഇതെങ്കിലും പറയൂ – ബാബയെ ഓർമ്മിക്കൂ, പവിത്രമായിരിക്കൂ. പവിത്രതയിൽ തന്നെയാണ് തോറ്റു പോകുന്നത് കാരണം ഓർമ്മിക്കുന്നില്ല. നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കണം. നമ്മൾ പരിധിയില്ലാത്ത ബാബയുടെ സന്മുഖത്ത് ഇരിക്കുകയാണ് ആരും തന്നെ അറിയുന്നില്ല. ജ്ഞാനത്തിന്റെ സാഗരൻ ശിവബാബ തന്നെയാണ്. ദേഹധാരിയിൽ നിന്ന് ബുദ്ധിയോഗം മാറ്റണം. ശിവബാബയുടെ രഥമാണിത്. ഇദ്ദേഹത്തെ ആദരിക്കുന്നില്ലായെങ്കിൽ ധർമ്മരാജനിലൂടെ വളരെയധികം ശിക്ഷ അനുഭവിക്കേണ്ടി വരും. മുതിർന്നവർക്ക് ആദരവ് നൽകാറുണ്ടല്ലോ. ആദി ദേവന് എത്ര ആദരവാണ് നൽകുന്നത്. ജഡചിത്രത്തിന് ഇത്രയും ആദരവ് നൽകുന്നുണ്ടെങ്കിൽ ചൈതന്യത്തിന് എത്ര നൽകണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഉള്ളിൽ തന്റെ പരിശോധന ചെയ്ത് ദൈവീക ഗുണം ധാരണ ചെയ്യണം. മോശമായ ശീലങ്ങൾ ഇല്ലാതാക്കണം. പ്രതിജ്ഞ ചെയ്യണം – ബാബാ ഞാൻ ഒരിക്കലും മോശമായ കർമ്മം ചെയ്യുകയില്ല.

2) കർമ്മാതീത അവസ്ഥ നേടുന്നതിന് വേണ്ടി ഓർമ്മയുടെ മത്സരം നടത്തണം. ആത്മീയ സേവനത്തിൽ തത്പരരായിരിക്കണം. മുതിർന്നവരെ ബഹുമാനിക്കണം.

## വരദാനം:- ഫോളോ ഫാദർ എന്ന പാഠത്തിലൂടെ പ്രയാസത്തെ സഹജമാക്കുന്ന തീവ്ര പുരുഷാർത്ഥിയായി ഭവിക്കട്ടെ.

പ്രയാസത്തെ സഹജമാക്കുക അഥവാ ലാസ്റ്റ് പുരുഷാർത്ഥത്തിൽ സഫലത പ്രാപ്തമാക്കുന്നതിനു വേണ്ടി ആദ്യത്തെ പാഠമാണ്- ഫോളോ ഫാദർ. ഈ ആദ്യ പാഠം തന്നെയാണ് ലാസ്റ്റ് സ്റ്റേജിനെ സമീപം കൊണ്ടു വരുന്നത്. ഈ പാഠത്തിലൂടെ തെറ്റുകളില്ലാത്ത, ഏകരസ, തീവ്രപുരുഷാർത്ഥിയായി മാറും. എന്തെന്നാൽ ഏതെങ്കിലും കാര്യത്തിൽ പ്രയാസം തോന്നുന്നത് അപ്പോഴാണ്, എപ്പോഴാണോ ഫോളോ ചെയ്യുന്നതിനു പകരം തന്റെ ബുദ്ധി പ്രവർത്തിപ്പിക്കുന്നത്. അതിനാൽ തന്റെ തന്നെ സങ്കൽപത്തിന്റെ വലയിൽ കുടുങ്ങുന്നു, പിന്നെ സമയവുമെടുക്കുന്നു, ശക്തിയുമെടുക്കേണ്ടി വരുന്നു. അഥവാ ഫോളോ ചെയ്തുകൊണ്ട് പോകുകയാണെങ്കിൽ സമയവും ശക്തിയും രണ്ടും സംരക്ഷിക്കാം, സമ്പാദ്യമാക്കാം.

## സ്ലോഗൻ :-സത്യതയും ശുദ്ധതയും ധാരണ ചെയ്യുന്നതിന് തന്റെ സ്വഭാവത്തെ സരളമാക്കൂ.

**അവ്യക്തസൂചന - സ്വയത്തെയും സർവരെയും പ്രതി മനസാ യോഗത്തിന്റെ ശക്തികളെ പ്രയോഗത്തിൽ കൊണ്ടുവരൂ.**
എത്രത്തോളം സ്വയത്തെ മനസാ സേവനത്തിൽ ബിസിയാക്കി വെക്കുമോ അത്രയും സഹജമായി മായാജീത്തായി മാറും. കേവലം സ്വയത്തെ പ്രതി മാത്രം കരുതുന്നവരാകരുത്, എന്നാൽ മറ്റുള്ളവർക്കും ശുഭഭാവനയിലൂടെ, ശുഭകാമനയിലൂടെ പരിവർത്തനപ്പെടുത്തുവാനുള്ള സേവനം ചെയ്യൂ. ഭാവനയും ജ്ഞാനവും സ്നേഹവും യോഗവും- രണ്ടിന്റെയും സന്തുലനം വേണം. മംഗളകാരി ആയിട്ടുണ്ട്, ഇനി പരിധിയില്ലാത്ത വിശ്വമംഗളകാരിയാകൂ.